പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

16.12.2021

# വ്യവസ്ഥകൾ പാലിച്ചാൽ മാത്രം സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയാൽ മതി

**-ബാലാവകാശ കമ്മീഷൻ**

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നതിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കാനും അതിലെ വ്യവ സ്ഥകൾ പാലിച്ചാൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകാവു എന്നും ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇക്കാര്യം കൃത്യ മായി പാലിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്ര ട്ടറി, പഞ്ചായത്ത് ഡയറക്ടർ, നഗരാസുത്രണ ഡയറക്ടർ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. കുന്ദമംഗലം എ. യു. പി. സ്കൂൾ മുറ്റത്തെ മാലിന്യം സംബന്ധിച്ച് മാധ്യമ വാർത്ത ശ്രാദ്ധയിൽപ്പെട്ടതിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ നടപടി സ്വീക രിച്ച് അംഗങ്ങളായ കെ.നസീർ ബി.ബബിത എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

അനുവദിക്കുന്ന തുക കുട്ടിക്ക് വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. ആശുപത്രി അധി കൃതരുടെ ഭാഗത്തുനിന്നും തികഞ്ഞ ബാലാവകാശ ലംഘനം നടന്നതായി വിലയിരു ത്തിയ കമ്മീഷൻ കുട്ടിയുടെ പ്രായവും അവന്റെ ഭാവിയെ ബാധിക്കുന്ന തരത്തിലുള്ള നഷ്ടവും പരിഗണിച്ച് അംഗങ്ങളായ കെ. നസീർ, ബി. ബബിത എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് നഷ്ട പരിഹാരം നൽകാൻ ഉത്തരവായത്.

താലൂക്ക് ആശുപത്രി ഡോക്ടർ, സ്റ്റാഫ് നേഴ്സ് എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും പരാതിക്കാരന്റെ ആരോപണങ്ങളും സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കാനും ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, വൈത്തിരി താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

2019 ഡിസംബർ 5 രാത്രി കുട്ടിയെ വൃഷ്ണ സംബന്ധമായ അസുഖത്തെ തുടർന്ന് വൈത്തിരി താലൂക്ക് ആശുപത്രി കാഷ്വാലിറ്റിയിൽ കാണിച്ചു. മകന് കലശലായ വേദനയുണ്ടായിരുന്നിട്ടും ഡോക്ടർ ശരിക്കു പരിശോധിക്കാതെ ഗുളികയും ഇഞ്ച ക്ഷനും നൽകി സ്റ്റാഫ് നേഴ്സിനോട് കുട്ടിയെ നോക്കാൻ പറഞ്ഞു. കുട്ടിയുടെ പിതാ

വിനെ രോഗത്തിന്റെ ഗൗരവം അറിയിച്ചില്ല. ഉടനെ സർജറി ചെയ്യാൻ പറ്റുന്ന ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തിരുന്നെങ്കിൽ മകന് ഈ അവസ്ഥ വരില്ലായിരുന്നു. ഡോക്ടറുടെ നിരുത്തരവാദപരമായ സമീപനത്തിൽ മകന് നഷ്ടപ്പെട്ടത് അവന്റെ ഭാവിയും ഏറ്റവും പ്രധാനപ്പെട്ട അവയവവുമാണ്. ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ടാണ് കുട്ടിയുടെ അച്ഛൻ കമ്മീഷനെ സമീപിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ